(ഡി) വ്യവസായ പിന്നോക്ക ജില്ല എന്ന പ്രത്യേക പരിഗണന നൽകി എസ്.എസ്.ഐ. ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത എസ്.എസ്.ഐ. ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുവാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2001 ജനുവരി 31 വരെ പുതുതായി 2657 ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പുതിയ കാഷ്യൂ വ്യവസായ യൂണിറ്റുകൾക്ക് എസ്.എസ്.ഐ. രജിസ്ട്രേഷൻ നൽകേണ്ടതില്ല എന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിവേദനം തീരുമാനിക്കുകയുണ്ടായി.

(ഡി&ഇ) നിവേദനം തീരുമാനിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിനെതിരെ ദാമോദർ കാഷ്യൂ കമ്പനി ഉടമ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യണം. ഒ.പി.യിൽ ഇതുവരേയും തീരുമാനമൊന്നും ആയിട്ടില്ല. കൂടാതെ സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമാകുന്ന അസംസ്കൃത കശുവണ്ടി ഈ മേഖലയിൽ തൊഴിലെടുക്കുന്ന ഭൂരിഭാഗം സ്ത്രീകളടക്കമുള്ള തൊഴിലാളികൾക്ക് തൊഴിൽ നൽകുവാൻ പര്യാപ്തമല്ല. ആയതിനാൽ പുതിയ കാഷ്യൂ കമ്പനികൾക്ക് എസ്.എസ്.ഐ. രജിസ്ട്രേഷൻ നൽകേണ്ടതില്ല എന്ന തീരുമാനം മാറ്റുവാൻ തൽക്കാലം നിവൃത്തിയില്ല.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ മലിനജലം

143 (1409) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ മലിനജലം ഒഴുകിവിടുന്ന ഓട ആളുകൾ അടച്ചതിനെ തുടർന്ന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത കേസുകൾ പിൻവലിക്കുന്നതു സംബന്ധിച്ച് ഒത്തുതീർപ്പ് ചർച്ചയിൽ ഉറപ്പു നൽകിയോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഉത്തരവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മെത്രാനുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു എന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മലിനീകരണ സംബന്ധമായ കാര്യങ്ങളുമായി ബന്ധപ്പെട്ട് ടി.ടി.പി അധികൃതർ 1990-നുശേഷം എത്ര വിദേശ യാത്രകൾ നടത്തിയിരുന്നു ; അത് എവിടെയൊക്കെയായിരുന്നു ; ആയതിലേക്കായി നാളിതുവരെ എത്ര രൂപ കമ്പനി ചെലവഴിച്ചു എന്ന് വിശദമാക്കാമോ ;

(ഇ) ജലമലിനീകരണ പ്രശ്നത്തിൽ പരിഹാരം കാണുന്നതിലേക്കായി കമ്പനി നാളിതുവരെ എത്ര പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട് ; ഇത് ഏതൊക്കെ വർഷങ്ങളിലായിരുന്നു ; അവ നടപ്പാക്കുവാൻ കഴിയാത്തതെന്തു കൊണ്ടായിരുന്നു എന്ന് വിശദീകരിക്കാമോ ;

(എഫ്) മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾക്കു വിധേയമായിട്ടാണോ ടി.ടി.പി. പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കേസുകൾ പിൻവലിക്കുന്നതിന് ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് പരിശ്രമം നടത്തുമെന്ന് പറഞ്ഞിരുന്നു.

(സി) ഒരാനുമായി ബന്ധപ്പെട്ട് ഒത്തുതീർപ്പു വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടില്ല.

(ഡി) രണ്ട് വിദേശയാത്രകൾ നടത്തിയിട്ടുണ്ട്.

(1) 1995 -ൽ യൂറോപ്യൻ രാജ്യങ്ങൾ

ചെലവ് - 6.12 ലക്ഷം രൂപ

(2) 2000 -ൽ ജർമ്മനിയിൽ

ചെലവ് - 3.13 ലക്ഷം രൂപ

(ഇ) 1986-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി എന്ന സ്ഥാപനം ഉണ്ടാക്കിയ റിപ്പോർട്ട് അനുസരിച്ച് മലിനജലം കായൽ നിന്ന് 750 മീറ്റർ അകലെ കടലിനടിയിൽ വിടുന്നതിന് ഹൈഡ്രോമാറ്റ് എന്ന കമ്പനിക്ക് വർക്ക് ഓർഡർ കൊടുത്തിരുന്നു. എന്നാൽ കടലിൽ പൈപ്പ് ഇടുന്നതിനുള്ള ശ്രമം മത്സ്യത്തൊഴിലാളികളുടെ എതിർപ്പുമൂലം നടക്കാതെവന്നു. 1996-ൽ ഹൈഡ്രോ പവർ എന്ന കമ്പനിക്ക് കടലിൽ പൈപ്പ് ഇടാൻ കോൺട്രാക്ട് കൊടുത്തു. എതിർപ്പുമൂലം ഈ പണിയും നിറുത്തിവയ്ക്കേണ്ടി വന്നു. 1997-ൽ എ.ഡി. ദാമോദരൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഇന്റഗ്രേറ്റഡ് എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന് പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കി. അതിൻപ്രകാരം ഓഡിറ്റ് റിക്കവറി, കോപ്പറാജ് റിക്കവറി, ഓഡിറ്റ് ന്യൂട്രലൈസേഷൻ എന്നീ പ്ലാന്റുകൾ സംയുക്തമായി ചെയ്യാൻ തീരുമാനിക്കുകയും ഗവൺമെന്റ് ഇതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ ദർഘാസുകൾ ക്ഷണിച്ചുകഴിഞ്ഞു. ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് താമസിയാതെ തന്നെ ഇതിന്മേൽ തീരുമാനമെടുക്കുന്നതാണ്.

(എഫ്) അതെ.

LIBRARY ARCHIVES Kerala Legislative Assembly